പോലീസ് സേനയിലെ ഒഴിവുകൾ

160 (165) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ നിലവിലുള്ള മൊത്തം ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നു; ഓരോ തസ്തികയിലും അനുവദനീയമായ എണ്ണം എത്ര;

(ബി) സേനയിൽ എത്ര ശതമാനം സ്ത്രീകൾ ഉണ്ട്; സ്ത്രീകളുടെ ശതമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടി മുഖാന്തിരം എത്ര ശതമാനമായി എണ്ണം വർദ്ധിക്കുകയുണ്ടായി ;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലനിൽക്കുന്നത്;

(ഡി) പ്രൊമോഷൻ നൽകുന്നതിനും ആശ്രിതർക്ക് ജോലി നൽകുന്നതിനുമായി നിയമനം നടത്താതെ മാറ്റിവെക്കപ്പെട്ട മൊത്തം ഒഴിവുകൾ എത്ര ; വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സൈബർ സെല്ലിന്റെ അധികാരങ്ങൾ

161 (166) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ സെല്ലിന് ഏതൊക്ക നിയമപ്രകാരമാണ് കേസ്സെടുക്കുവാൻ അധികാരമുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) സൈബർ സെല്ലിന്റെ അധികാര പരിധിക്കപ്പുറം ഉള്ള ഇടപെടലുകൾ നടത്തുന്നതായി ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ സൈബർ സെല്ലിന് നേരിട്ട് കേസുകൾ എടുക്കാൻ അധികാരമില്ല. എന്നാൽ പോലീസ് സ്റ്റേഷനുകളിലോ, ഉന്നത പോലീസ് ഓഫീസുകളിലോ, ലഭിക്കുന്ന പരാതികളിലും രജിസ്റ്റർ ചെയ്യുന്ന കേസുകളിലും അന്വേഷണത്തിന് സഹായകരമായ സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly